**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **28.01.2019 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 213**

## ഗെയിൽ പൈപ്പ് ലൈൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത് കോയ :** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | കേരളത്തിൽ ഗെയിൽ പൈപ്പ് ലൈൻ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു എന്നും ഈ പദ്ധതി എന്ന് മുതൽ കമ്മീഷൻ ചെയ്യാൻ സാധ്യമാകും എന്നും വ്യക്തമാക്കാമോ; | (എ) | ഗെയിൽ പൈപ്പ് ലൈൻ പദ്ധതി കേരളത്തിൽ 2 ഘട്ടമായാണ് നടപ്പിലാക്കുന്നത്. 1-ാം ഘട്ടം (48 കി.മീ) 2013- ൽ എറണാകുളം ജില്ലയിൽ കമ്മീഷൻ ചെയ്തു. 2-ാം ഘട്ടമായ കൊച്ചി-മാംഗ്ലൂർ (409 കി.മീ), കൂറ്റനാട് - ബാംഗ്ലൂർ പൈപ്പ് ലൈനുകൾ (വാളയാർ വരെ) (98 കി.മീ)എറണാകുളം ഉൾപ്പെടെ 7 വടക്കൻ ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്. കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈൻ 394.6 കി.മീ (96%) വെൽഡിംഗ് പൂർത്തീകരിച്ചു. കൂറ്റനാട് - ബാംഗ്ലൂർ പൈപ്പ് ലൈൻ 26 കി.മീ (26.53%)വെൽഡിംഗ് പൂർത്തീകരിച്ചു. ആകെ 420.6 കി.മീ (82%) പൂർത്തീകരിച്ചു. ഈ പദ്ധതിയുടെ പണി ഇപ്പോൾ അന്തിമ ഘട്ടത്തിലായതിനാൽ 2019 മാർച്ചിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി) | ഈ പദ്ധതി ആരംഭിച്ചത് എന്നാണ് എന്നും, ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര ശതമാനം പ്രവൃത്തിയാണ് പൂർത്തിയായിട്ടുണ്ടായിരുന്നത് എന്നും വ്യക്തമാക്കാമോ? | (ബി) | ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയുടെ 2-ാം ഘട്ടം 2012 ലാണ് ആരംഭിച്ചത്. എങ്കിലും പ്രാദേശികമായ എതിർപ്പുകൾ മൂലം 2013 ൽ പദ്ധതി നിർത്തി വയ്ക്കേണ്ടി വന്നു. രണ്ടാം ഘട്ടം പണി നിർത്തി വയ്ക്കേണ്ടി വന്നപ്പോൾ ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയുടെ കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈൻ 46 കി.മീ (11.25%) പൂർത്തീകരിച്ചിരുന്നു. കൂറ്റനാട് - ബാംഗ്ലൂർ പൈപ്പ് ലൈൻ 7 കി.മീ (7.14%) പൂർത്തീകരിച്ചിരുന്നു. ആകെ 53 കി.മീ (10.45%) പൂർത്തീകരിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ